(എ) പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ എന്ന സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ഫാമിലി കാർഡ് ഇല്ലാത്തതിനാൽ സ്ഥിരപ്പെടുത്തുവാൻ R.P.C. മാനേജ്മെന്റ് തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിൽ ശ്രീലങ്കയിൽ നിന്നും റിപ്പാടിയേറ്റ് ചെയ്യപ്പെട്ടതിൽ 700 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഓരോ കുടുംബത്തിൽനിന്നും രണ്ട് പേർക്ക് വീതം ജോലി നൽകുകയുണ്ടായി. അങ്ങനെ തൊഴിൽ ലഭിച്ചവർ പിരിഞ്ഞു പോകുമ്പോൾ, ആ കുടുംബത്തിന്റെ കുടുംബകാർഡിൽ പേരുള്ള അർഹരായവർക്ക് പകരം ജോലി നൽകിവരുന്നു. നിലവിൽ കമ്പനിയിലെ "പ്ലാന്റേഷൻ വർക്കർ" തസ്തികകൾ റിപ്പാടിയേറ്റുകൾക്കായി സംവരണം ചെയ്തിരിക്കുന്നു. പ്രസ്തുത കുടുംബ കാർഡുകളിൽ പേരുള്ളവരിൽ കമ്പനിയിലെ ജോലിക്ക് അർഹതയുള്ളവർ ഇല്ലാതിരിക്കുകയോ അതിന് അർഹതയുള്ളവർ കമ്പനിയിലെ ജോലിക്ക് വരാതിരിക്കുകയോ ചെയ്യുമ്പോഴാണ്, ആ കുടുംബത്തിൽപ്പെട്ടവർക്ക് ഇന്ത്യയിൽ വന്നശേഷം ജനിച്ച മക്കൾക്ക് താൽക്കാലിക ജോലി, കമ്പനിയിലെ വർക്കർമാരുടെ കുറവ് പരിഹരിക്കുന്നതിനു വേണ്ടി സർക്കാരിന്റെ ഉത്തരവനുസരിച്ച് നൽകിവരുന്നത്. ഇത്തരത്തിൽ ഈ സ്ഥാപനത്തിൽ താൽക്കാലികമായി ജോലി ചെയ്യുന്ന റിപ്പാടിയേറ്റുകളല്ലാത്ത തൊഴിലാളികളെയാണ് സ്ഥിരപ്പെടുത്താതിരിക്കുന്നത്.

(ബി) റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിൽ അർഹതയുള്ള റിപ്പാടിയേറ്റുകൾക്ക് കമ്പനിയിൽ ജോലി നൽകിയതിനുശേഷമേ താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കാനാവുകയുള്ളൂ.

ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് അപ്രന്റീസ് ട്രെയിനിംഗ്

267 (2822) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി.ഐ. കോഴ്സ് പാസ്സായ വിദ്യാർത്ഥികൾക്ക് അപ്രന്റീസ് ട്രെയിനിംഗ് നൽകി ബന്ധപ്പെട്ട ട്രേഡിൽ പരിചയം ഉറപ്പാക്കുകയും ജോലി

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുമ്പോൾ പ്രസ്തുത ട്രെയിനിംഗ് കാലയളവ് എക്സ്പീരിയൻസ് ആയി കണക്കാക്കാറുള്ള കാര്യവും അറിയുമോ ;

(ബി) എങ്കിൽ എന്ത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എക്സ്പീരിയൻസ് കണക്കാക്കുന്നത് ?

ഉത്തരം

(എ&ബി) 6-7-1996-ലെ 514/6 എച്ച്.എൽ.ഡി. നമ്പർ ഉത്തരവ് പ്രകാരം നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ്, നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിനേക്കാൾ ഉയർന്ന യോഗ്യതയാണെന്നും ടി സർട്ടിഫിക്കറ്റ്, നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിനോട് കൂടിയ ഒരു വർഷ പ്രവൃത്തി പരിചയത്തിന് തുല്യമാണെന്നും സർക്കാർ ഉത്തരവുണ്ടെങ്കിലും കെ.എസ്.&എസ്.എസ്.ആർ റൂൾ (10) (എ.ബി)- യിൽ paid or non-paid apprentice കാലാവധി പ്രവൃത്തി പരിചയമായി കണക്കാക്കേണ്ട എന്ന ചട്ടം ഉള്ളതിനാൽ നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ് പ്രവൃത്തി പരിചയമായി പബ്ലിക് സർവ്വീസ് കമ്മീഷൻ കണക്കാക്കുന്നില്ല.

ഐ.ടി.ഐ.-കളിൽ ജൂനിയർ ഇൻസ്ട്രക്ടർ(വെൽഡിംഗ്)

268 (2823) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ ജൂനിയർ ഇൻസ്ട്രക്ടറുടെ (വെൽഡിംഗ്) എത്ര തസ്തികകളുണ്ടെന്നും അവയിൽ എത്ര എണ്ണം ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡിംഗ്) പി.എസ്.സി. ലിസ്റ്റ് നിലവിൽ വന്ന സാഹചര്യത്തിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) ട്രേഡിൽ 89 തസ്തികകൾ നിലവിലുണ്ട്. ഇതിൽ 10 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. ഇവ നികത്തുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly